# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1910 — 16.06.2014 ന് മറുപടിയ്ക്ക്

## വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |

(എ) വന്യമൃഗ ആക്രമണത്തിന്റെ നഷ്ടപരിഹാരമായി കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) വിതരണം ചെയ്ത തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) വന്യമൃഗ ആക്രമണത്തിന്റെ നഷ്ടപരിഹാരമായി 2013-14 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തുക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ജില്ല | നഷ്ടപരിഹാരത്തുക (രൂപ ലക്ഷത്തിൽ) |
| --- | --- |
| തിരുവനന്തപുരം | 18.38 |
| കൊല്ലം | 24.52 |
| പത്തനംതിട്ട | 26.03 |
| ഇടുക്കി | 26.31 |
| കോട്ടയം | 13.58 |
| എറണാകുളം | 12.42 |
| തൃശ്ശൂർ | 40.84 |
| പാലക്കാട് | 81.25 |
| മലപ്പുറം | 46.85 |
| കോഴിക്കോട് | 29.99 |
| വയനാട് | 269.09 |
| കണ്ണൂർ | 54.81 |
| കാസർഗോഡ് | 14.98 |

(ബി) വനത്തിൽ വച്ചല്ലാതെ നാട്ടാനയോ/വിഷസർപ്പമോ മൂലം ജീവഹാനി സംഭവിച്ചാൽ 'വൈൽഡ് ലൈഫ് അറ്റാക്ക്' ആയി കണക്കാക്കുമോ എന്നറിയിക്കുമോ;

(ബി) നാട്ടാനയുടെ ആക്രമണം വൈൽഡ്‌ലൈഫ് അറ്റാക്കായി കണക്കാക്കുകയില്ല. വനത്തിനു പുറത്തു വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിക്കുന്നത് വൈൽഡ്‌ലൈഫ് അറ്റാക്കായി കണക്കാക്കുന്നതാണ്.

(സി) ഇത്തരത്തിൽ നഷ്ടപരിഹാര വിതരണം നടത്തിയതിന്റെ വിശദ വിവരം ലഭ്യമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷം ജീവഹാനി സംഭവിച്ചതിന് നഷ്ടപരിഹാരമായി 1,80,80,000/- രൂപ നൽകിയിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്).

(ഡി) ഇപ്പോൾ വിതരണം ചെയ്യുന്ന നഷ്ടപരിഹാര തുകയുടെ മാനദണ്ഡം വിശദമാക്കുമോ; വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി)

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) |
| 3 | പരിക്ക് | പരമാവധി 75,000/- രൂപ (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ പട്ടിക വർഗ്ഗക്കാർക്ക് ചികിത്സക്ക് ചെലവായ മുഴുവൻ തുകയും ലഭിക്കും) |
| 4 | മരണം | 3 ലക്ഷം രൂപ |
| 5 | വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

(ഇ) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തിര ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ഇ) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തിര ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കാട്ടാനയുടെ ആക്രമണത്തിൽ 19 പേരും, കാട്ടുപോത്തിന്റെ ആക്രമണത്തിൽ ഒരാളും, പാമ്പുകടിയേറ്റ് 145 പേരും മരണമടഞ്ഞു. അവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| സർക്കിൾ | വിതരണം ചെയ്ത തുക |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 36,30,000/- രൂപ |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 19,00,000/- രൂപ |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 37,00,000/- രൂപ |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 30,50,000/- രൂപ |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 51,00,000/- രൂപ |
| വൈൽഡ്‌ലൈഫ് സർക്കിൾ , പാലക്കാട് | 7,00,000/- രൂപ |
| ആകെ | 1,80,80,000/- രൂപ |